# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 694 02/12/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ഏകോപന സമിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ സർക്കാർ പദ്ധതികളുടെ ഏകോപനത്തിന് ജനപ്രതിനിധികൾ അടങ്ങുന്ന ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) & (ബി) | ഒറ്റപ്പാലം സബ്കളക്ടർ കൺവീനറും, എം.പി., എം.എൽ.എ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന ഒൻപതാംഗ ഏകോപന സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. |
| (ബി) | പ്രസ്തുത ഏകോപനസമിതിയ്ക്ക് എന്തെല്ലാം അധികാരങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | | |
| (സി) | അട്ടപ്പാടി സന്ദർശിച്ച മന്ത്രിമാരുടെ റിപ്പോർട്ട് മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ അതിനെ തുടർന്ന് എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; അവയിൽ നടപ്പിലാക്കിയവ ഏതൊക്കെ; നടപ്പിലാക്കിയിട്ടില്ലാത്തവ എതൊക്കെ; | (സി) | മന്ത്രിസഭാ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ട്രഷറി നിയന്ത്രണ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഗവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? | (ഡി) | അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രത്യേകമായി ട്രഷറി നിയന്ത്രണങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

തീരുമാനം : 1. അട്ടപ്പാടി മേഖലയിലെ പുനരുദ്ധാരണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിക്കുവാൻ തീരുമാനിച്ചു.

2. ഇതോടനുബന്ധിച്ച് സ്ഥലം എം.പി., സ്ഥലം എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഒറ്റപ്പാലം സബ്കളക്ടർ (മെമ്പർ കൺവീനർ) എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുവാനും തീരുമാനിച്ചു.

3. അട്ടപ്പാടി ആദിവാസി മേഖലയിൽ താമസിക്കുന്നവർക്ക് മുൻപ് നൽകിയതുപോലെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന റാഗി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു.

4. അട്ടപ്പാടി ആദിവാസി മേഖലയിൽ ഇപ്പോൾ നടന്നുവരുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്. ഇക്കാര്യം സാദ്ധ്യമാക്കുന്നതിന് നോഡൽ ഓഫീസർ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്.

5. വട്ടുലക്കി ഗിരിജൻ ഫാമിംഗ് സൊസൈറ്റിയുടെ തരിശ്ശായികിടക്കുന്ന 1200 ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായും മറ്റ് ആദിവാസി പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായും ഏറ്റെടുക്കുന്നതിലെ നിയമവശങ്ങൾ സംബന്ധിച്ച് ബഹു. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി കൺവീനറായും റവന്യൂ, വനം വന്യജീവി വകുപ്പു മന്ത്രിമാർ അംഗങ്ങളുമായ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

-2-

6. അട്ടപ്പാടിയിലെ ആദിവാസികൾക്ക് NREGP പദ്ധതിയുടെ കീഴിൽ കുറഞ്ഞപക്ഷം 200 തൊഴിൽ ദിനങ്ങളെങ്കിലും ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

7. അട്ടപ്പാടി മേഖലയിലെ എല്ലാ പൊതു നിക്ഷേപ പദ്ധതികളെയും നിലവിലുള്ള ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുവാൻ തീരുമാനിച്ചു.

8. അട്ടപ്പാടി മേഖലയിലെ കുടിവെള്ള ലഭ്യത നിരീക്ഷിക്കുന്നതിനും കുടിവെള്ളക്ഷാമം ആവശ്യാനുസരണം പരിഹരിക്കുന്നതിന് ഇതര മാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനും പാലക്കാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

9. അട്ടപ്പാടി മേഖലയിൽ 20 അംഗൻവാടികൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി നിർണ്ണയിക്കുന്നതിന് തീരുമാനിച്ചു.

10. ആശാ വർക്കർമാരുടെ കാര്യത്തിൽ ചെയ്തതുപോലെ അംഗൻവാടി വർക്കർമാരുടെ ഓണറേറിയം 20% വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടിയന്തിര പരിശോധനയ്ക്കും തീരുമാനത്തിനുമായി ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

R. N.
സെക്ഷൻ ഓഫീസർ